**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2773** **06-10-2025 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സോളാർ നിലയങ്ങൾക്കുള്ള ചെലവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പുനരുപയോഗ ഊർജോത്പാദന ഉപകരണങ്ങളുടെ ജി. എസ്. ടി. എത്ര ശതമാനത്തിൽ നിന്ന് എത്ര ശതമാനമായി കുറച്ചു; വ്യക്തമാക്കാമോ; | (എ) | പുനരുപയോഗ ഊർജ്ജ ഉല്പാദന ഉപകരണങ്ങളുടെ ജി.എസ്.ടി. 12 ശതമാനത്തിൽ നിന്നും 5 ശതമാനം ആയി കുറച്ചിട്ടുണ്ട്.<br><br>സോളാർ പവർ പ്ലാന്റുകളുടെ GST നിർണയത്തിൽ 70 ശതമാനം ഉപകരണങ്ങളുടെ വിലയും ശേഷിക്കുന്ന 30 ശതമാനം സർവീസും ആയാണ് കണക്കാക്കുന്നത്. അതിൽ 30 ശതമാനം സർവീസിന്റെ GST നിരക്ക് 18 ശതമാനം ആയി തന്നെ തുടരുകയാണ്. 70 ശതമാനം GST നിരക്ക് നോട്ടിഫിക്കേഷൻ No.9/2025- centraltax(rate) dated.17.09.2025 പ്രകാരം 12 ശതമാനത്തിൽ നിന്നും 5 ശതമാനം ആയി കുറച്ചിട്ടുണ്ട്. ഇത് പ്രകാരം സോളാർ പവർ പ്ലാന്റുകളുടെ ശരാശരി GST നിരക്ക് 13.8 ശതമാനത്തിൽ നിന്നും 8.9 ശതമാനം ആയി കുറഞ്ഞിട്ടുണ്ട്. |
| (ബി) | ജി. എസ്. ടി. കുറച്ചതിലൂടെ ഒരു കിലോവാട്ട് സോളാർ നിലയത്തിന്റെ ചെലവിൽ എത്രത്തോളം കുറവ് പ്രതീക്ഷിക്കപ്പെടുന്നു; വിശദമാക്കാമോ; | (ബി) | GST കുറച്ചതിലൂടെ സോളാർ പവർ പ്ലാന്റുകളുടെ ശരാശരി GST നിരക്ക് 13.8 ശതമാനത്തിൽ നിന്നും 8.9 ശതമാനം ആയി കുറഞ്ഞിട്ടുണ്ട്.<br><br>പുനരുപയോഗ ഊർജ്ജോൽപാദന ഉപകരണങ്ങളുടെ ജി.എസ്. ടി കുറച്ചതിലൂടെ ചെലവിൽ ശരാശരി 4.9% കുറവ് സോളാർ നിലയം സ്ഥാപിക്കപ്പെടുമ്പോൾ ഉണ്ടാകുന്നതാണ്.<br><br>ജി. എസ്. ടി. കുറച്ചതിലൂടെ ഒരു കിലോവാട്ട് സോളാർ നിലയത്തിന്റെ ചെലവിൽ 2,071/- രൂപയുടെ കുറവ് പ്രതീക്ഷിക്കുന്നു. |
| (സി) | സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സേവന നികുതി എത്ര ശതമാനമായി തുടരുന്നു; വ്യക്തമാക്കാമോ; | (സി) | സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സേവന നികുതി 18 ശതമാനം ആയി തന്നെ തുടരുകയാണ്. |
| (ഡി) | കേരളത്തിൽ പുതുതായി സ്ഥാപിക്കുന്ന സോളാർ നിലയങ്ങളുടെ എണ്ണം കുറയാനുള്ള കാരണം | (ഡി) | കേരള റിന്യൂവബിൾ എനർജി എന്റർപ്രെനേഴ്സ് ആൻഡ് പ്രൊമോട്ടേഴ്സ് അസോസിയേഷന്റെ |

| | | | |
|---|---|---|---|
| | സൂചിപ്പിച്ചുകൊണ്ടുള്ള കേരള റിന്യൂവബിൾ എനർജി എന്റർപ്രെനേഴ്സ് ആൻഡ് പ്രൊമോട്ടേഴ്സ് അസോസിയേഷൻസ് (ക്രീപ) യുടെ വിശദീകരണം സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ; | | (ക്രീപ) - വിശദീകരണം ലഭ്യമായിട്ടില്ല. |
| (ഇ) | പുതിയ ചട്ടങ്ങൾ വന്നാലും പുരപ്പുറ സോളാർ നിലയങ്ങൾ ലാഭകരമാണെന്ന് വ്യക്തമാക്കുന്നത് ഏത് സ്ഥാപനമാണ്; വ്യക്തമാക്കാമോ; | (ഇ) | വിവരം ശേഖരിച്ചു വരുന്നു. |
| (എഫ്) | പുതിയ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നത് സംബന്ധിച്ച അന്തിമ തീരുമാനം ഏത് കോടതിയുടെ നിലപാടിനെ ആശ്രയിച്ചിരിക്കുന്നു; വ്യക്തമാക്കാമോ; | (എഫ്) | വിവരം ശേഖരിച്ചു വരുന്നു. |
| (ജി) | താപവൈദ്യുത നിലയങ്ങളിൽ ഉപയോഗിക്കുന്ന കൽക്കരി, ലിഗ്നൈറ്റ് എന്നിവയുടെ നികുതി എത്ര ശതമാനമായാണ് വർധിപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (ജി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ